## 17

# സഭയുടെ ഐക്യം

സുവിശേഷ പ്രാസംഗികനായിരുന്ന റ്റി.ബി.ലാറിമോറിന്റെ, ക്രിസ്തുവിന്റേതുപോലെയുള്ള മനോഭാവം, അയാളെ അറിയാവുന്ന എല്ലാവരും തിരിച്ചറിഞ്ഞിട്ടുണ്ട്, അദ്ദേഹം ക്രിസ്തുവിന്റെ സഭയുടെ കുടുംബം ഐക്യത സങ്കീർത്തനം 133:1 എടുത്തുകൊണ്ട് വിവരിച്ചിട്ടുണ്ട്: "ഇതാ, സഹോദരങ്ങൾ ഒത്തൊരുമിച്ച് വസിക്കുന്നതു എത്ര ശുഭവും എത്ര മനോഹരവുമാകുന്നു!" ചില വസ്തുക്കൾ നല്ലതാണ്. പക്ഷെ സുഖകരമായിരിക്കയില്ല. അർബുദ വളർച്ച ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്യുന്നതു നല്ലതാണ്, എന്നാൽ രോഗിക്ക് അതത്ര സുഖമായി തോന്നുകയില്ല. ചില വസ്തുക്കൾ സുഖമുള്ളതാണ് പക്ഷെ നന്നായിരിക്കയില്ല. പ്രത്യേക അവസരങ്ങളിൽ കളി സുഖമുള്ളതും ആസ്വാദ്യകരവുമാണ്, എന്നാൽ തുടർച്ചയായ കളി നന്നായിരിക്കയില്ല. സുഖമുള്ളതും നല്ലതുമായ കാര്യങ്ങൾ ഉപകാരപ്രദവും ആസ്വാദകരവുമായ ചുരുക്കമൊണെന്ന് സഹോദരൻ ലാറിമോർ കണ്ടെത്തി. ക്രിസ്തുവിലുള്ള ഐക്യതയിൽ ഈ രണ്ടു ഗുണങ്ങളും ഉണ്ടെന്ന് അദ്ദേഹം തെളിയിച്ചു, സഹോദരങ്ങൾ ഒത്തൊരുമിച്ചു വസിക്കുന്നതാണ് അത്.[1] ആർക്കു അദ്ദേഹത്തോട് വിയോജിക്കാൻ കഴിയും?

പുതിയ നിയമം അനുസരിച്ച്, ക്രിസ്തുവിൽ ഉള്ള ഐക്യം സുഖമുള്ളതും നല്ലതും ആണെന്നു മാത്രമല്ല; എന്നാൽ, അതിലും പ്രധാനമായി, അതു ദൈവത്തിനു സുഖമുള്ളതും നല്ലതും ആണ്. തന്നെ ലോകത്തിലെ അന്ധകാരമുള്ള രാത്രിയിൽ അധർമ്മികളുടെ കയ്യിൽ ഒറ്റിക്കൊടുക്കുന്നതിനു മുൻപ്, ഭാവിയിൽ അവനിൽ വിശ്വസിപ്പാനിരിക്കുന്നവരുടെ ഐക്യതക്കായി പ്രാർത്ഥിച്ചു. അവൻ തന്റെ പിതാവിനോട് പ്രാർത്ഥിച്ചു, "ഇവർക്കു വേണ്ടി മാത്രമല്ല,

ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു; നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ട തിന്നു നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ, അവരും നമ്മിൽ ആകേണ്ടതിനു തന്നേ" (യോഹന്നാൻ 17:20, 21).

നാളെ നിങ്ങളെ മരണശിക്ഷക്കായി വിധിച്ചിരിക്കയാണ്, ഇന്നു രാത്രി നിങ്ങൾ മുട്ടു കുത്തി പ്രാർത്ഥിക്കുമ്പോൾ എന്തായിരിക്കും പ്രാർത്ഥിക്കുക? നിങ്ങൾ നിസാരമായ, അപ്രധാനമായ എന്തെ ങ്കിലുമായിരിക്കുമോ പ്രാർത്ഥിക്കുന്നത്? നിങ്ങൾക്കു ലോകത്തിൽ ഏറ്റവും പ്രധാനപ്പെട്ട പ്രത്യാശയായിരിക്കയില്ലേ? അവനെ ക്രൂശിൽ തറക്കുന്നതിനു തലേന്ന് ഐക്യതക്കു വേണ്ടി പ്രാർത്ഥി ച്ചത്, അല്ലെങ്കിൽ വിശ്വാസികളുടെ ഐക്യത അവനു വിലപ്പെട്ട തും സുപ്രധാനവുമാണ്.

വളരെ ഭയങ്കരമായ ഭിന്നിപ്പ് ഉടലെടുത്ത കൊരിന്ത്യാ സഭക്ക് പൗലൊസ് എഴുതിയപ്പോൾ, അനേക പ്രശ്നങ്ങളും ബലഹീന തയും ഉണ്ടായിരുന്ന സഭക്ക്, ആദ്യം ഐക്യതക്കു ശക്തമായ ഊന്നൽ കൊടുത്തിരിക്കുന്നു: "സഹോദരന്മാരെ, നിങ്ങൾ എല്ലാ വരും ഒന്നു തന്നേ, സംസാരിക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏകമനസിലും ഏകാഭിപ്രായത്തിലും യോജിച്ചിരി ക്കയും വേണമെന്നു ഞാൻ നിങ്ങളെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു" (1 കൊരിന്ത്യർ 1:10). പൗലൊസ് കൊരിന്ത്യർക്ക് എഴുതിയ ഏ. ഡി.54നും 56നും മദ്ധ്യേ, നാമധേയ വിഭാഗങ്ങൾ ഉണ്ടായിരുന്നില്ല. അന്നുണ്ടായിരുന്നതു, കർത്താവിന്റെ സഭ മാത്രമായിരുന്നു, പൗലൊസ്, പരിശുദ്ധാത്മാവിനാൽ ദൈവശ്വാസിയമായി കൊരി ന്തിലുള്ള ദൈവ സഭയോട് പറഞ്ഞത്, ഐക്യതയിൽ ഒന്നിച്ചിരി പ്പാനാണ്. അവൻ ഈ ഐക്യതക്കായി പ്രാർത്ഥിക്കുകമാത്രമല്ല, യേശു ക്രിസ്തുവിന്റെ നാമത്തിൽ അതിനായി അപേക്ഷിക്കയും ചെയ്തു.

സഭയുടെ ഐക്യതയെ നമുക്കു വിപുലമായി നോക്കാം. മുൻപു ഉദ്ധരിച്ച രണ്ടു വാക്യങ്ങളും സഭയുടെ ഐക്യത്തിന്റെ മനോഹാരിതയെ വ്യക്തമാക്കുന്നു, എന്നാൽ അതിന് ഏതു വിധ ത്തിലുള്ള ഐക്യതയാണ് ഉണ്ടാവേണ്ടത്? ക്രിസ്തു പ്രാർത്ഥിച്ച ഐക്യത നാം മനസിലാക്കിയാൽ സഭയെ സംബന്ധിച്ചു നമുക്കു കൂടുതൽ മനസിലാകും.

## ഒരു ശരീരത്തിന്റെ ഭാഗമാകുന്നതിൽ ഉള്ള ഐക്യത

ആദ്യം, ക്രിസ്തുവിന്റെ ശരീരം ഏക ജനമായി ദൈവം തന്നിട്ടുള്ള ഐക്യതയെ നമുക്കു മനസിലാക്കാം. ക്രിസ്തുവിലാകുമ്പോൾ സ്വാഭാവികമായും അടിസ്ഥാനമായും ഉണ്ടാകുന്ന ഐക്യതയെ പുതിയ നിയമം വ്യക്തമാക്കുന്നു. ഒരാൾ ക്രിസ്തുവിന്റെ ശരീരത്തിലാകുമ്പോൾ ദൈവകൃപയാലാണ് ഇതു സംഭവിക്കുന്നത്. ഏതെങ്കിലും ഒരാൾ ക്രിസ്തുവിന്റെ ശരീരത്തിൽ അംഗമായി തീരുമ്പോൾ ലഭിക്കുന്നതാണ് ഈ ഐക്യത.

പുതിയ നിയമ കാലത്തു സമൂഹം രണ്ടായി തിരിഞ്ഞിരുന്നു: യെഹൂദന്മാരും ജാതികളും. ഈ രണ്ടു കൂട്ടരും തമ്മിലുണ്ടായിരുന്ന ഭിന്നത, ഇന്ന് രണ്ടു വർഗ്ഗങ്ങൾ തമ്മിൽ നിലനിൽക്കുന്ന ഭിന്നത പോലെയായിരുന്നു. യെഹൂദനും ജാതിയും ക്രിസ്തുവിൽ ഒന്നാകുന്നു എന്ന് പൗലൊസ് ഉറപ്പിച്ചു പറഞ്ഞു:

> അവൻ നമ്മുടെ സമാധാനം; അവൻ ഇരുപക്ഷത്തെയും ഒന്നാക്കി ..." (എഫെസ്യർ 2:14).

> ... സമാധാനം ഉണ്ടാക്കിക്കൊണ്ട് ഇരുപക്ഷത്തെയും തന്നിൽ ഒരേ പുതുമനുഷ്യനാക്കി സൃഷ്ടിപ്പാനും, ക്രൂശിന്മേൽ വെച്ചു ശത്രുത്വം ഇല്ലാതാക്കി അതിനാൽ ഇരുപക്ഷത്തെയും ഏക ശരീരത്തിൽ ദൈവത്തോടു നിരപ്പിപ്പാനും തന്നേ, ... (എഫെസ്യർ 2:15, 16).

> അതിൽ യെഹൂദനും യവനനും എന്നില്ല ആണും പെണ്ണും എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല, നിങ്ങൾ എല്ലാവരും ക്രിസ്തു യേശുവിൽ ഒന്നത്രേ (ഗലാത്യർ 3:28).

ക്രിസ്തു, തന്റെ ക്രൂശിലെ മരണത്താൽ, അവരുടെ പശ്ചാത്തലമോ, വർഗ്ഗമോ നോക്കാതെ സകല മനുഷ്യരേയും ക്രിസ്തുവിൽ ഒന്നാക്കുന്നു, രണ്ടു വ്യത്യസ്ത വർഗ്ഗങ്ങളായ, യെഹൂദന്മാരെയും ജാതികളെയും, ഒരു പുതിയ വർഗ്ഗമായ ക്രിസ്ത്യാനികളാക്കി. യെഹൂദന്മാരെ ജാതികളാക്കുകയോ, ജാതികളെ യെഹൂദന്മാരാക്കുകയോ അല്ല യേശു ക്രിസ്തു ചെയ്തത്. യെഹൂദന്മാർ അനുഭവിച്ചിരുന്ന നേട്ടങ്ങളിലേക്കും സ്ഥാനങ്ങളിലേക്കും ജാതികളെ ഉയർത്തുകയല്ല അവൻ ചെയ്തത്; അല്ലെങ്കിൽ യെഹൂദന്മാരെ താഴ്ത്തി ജാതികളിലേക്കു കൊണ്ടു വരികയുമല്ല ചെയ്തത്.

അവൻ യെഹൂദന്മാരെയും ജാതികളെയും രണ്ടുകൂട്ടരെയും അവകാശമാക്കുന്ന സ്വർഗ്ഗീയ സ്ഥാനത്തേക്കാണ് ഉയർത്തിയത്. യെഹൂദൻ താൻ മുൻപു യെഹൂദനായിരുന്നതു മറക്കയും, ജാതി താൻ മുൻപു ജാതിയായിരുന്നു എന്നതു മറക്കയും വേണമായിരുന്നു.

സഭയിൽ അതു ഇന്നും വാസ്തവമാണ്. ഓരോരുത്തനും താൻ ക്രിസ്തുവിൽ ആരാണെന്നു മാത്രം ചിന്തിക്കണം. ക്രിസ്തു എല്ലാ ക്രിസ്ത്യാനികളുടേയും രക്ഷകനും കർത്താവും ആണ്. ഈ ദൈവികമായ ഏകത്വത്തിൽ, എല്ലാ ദേശിയ, വർഗ്ഗീയ, സാമൂഹ്യവും, കുടുംബപരവുമായ വ്യത്യാസങ്ങൾ നീങ്ങുന്നു.

ക്രിസ്തു മുഖാന്തരം, ജനങ്ങൾ ദൈവത്തോട് നിരപ്പാകുന്നു - അല്ലെങ്കിൽ ദൈവത്തോട് - അടുപ്പിക്കുന്നു (കൊലൊസ്യർ 1:20). പിന്നെ, ആ നിരപ്പിനാൽ, ക്രിസ്ത്യാനികൾ അന്യോന്യം ഒന്നാകുകയും "അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസമാകേണ്ടതിനു ആത്മാവിനാൽ ഒന്നിച്ചു പണിതു വരുന്നു" (എഫെസ്യർ 2:22). രണ്ടു പേർ തമ്മിൽ യോജിക്കുന്നതിനു മുൻപ്, അവർ ദൈവവുമായി യോജിക്കണം.

ചരിത്രത്തിൽ അത്തരം ആളുകൾ ഉണ്ടായിട്ടുണ്ട്, ഉദാഹരണമായി നോർമാൻസും, സാക്സൺസും, എന്നും ബദ്ധ വൈരികളായിരുന്നു, നിരന്തരം വൈരസ്വഭാവത്തിലും ആയിരുന്നു. നൂറ്റാണ്ടുകളോളം, എങ്ങനെയായാലും, ഈ രണ്ടു സമൂഹങ്ങളും യോജിച്ച് ഒന്നാകുന്നവരെ, ഇടകലർന്നു വിവാഹം കഴിച്ചിരുന്നു. അങ്ങനെ വേർപെട്ടിരുന്ന ദേശങ്ങൾ, പ്രത്യേക സമൂഹങ്ങൾ, എന്ന നിലയിൽ ഇല്ലാതായി. യുദ്ധങ്ങൾ അവസാനിച്ചു, കാരണം, തീർച്ചയായും ആ രണ്ടു ദേശങ്ങൾ തമ്മിലുള്ള ഭിന്നത ഇല്ലാതായി. അന്യോന്യം സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യുന്ന ഇടകലർന്ന് ജീവിക്കുന്ന ഒരു പുതിയ സമൂഹമായി തീർന്നു.[2]

അതുപോലെ, എല്ലാ മാനുഷിക ഭിന്നതകളും തടസങ്ങളും ക്രിസ്തുവിൽ നീങ്ങപ്പെടുന്നു; ദൈവത്തിന്റെ മഹത്തായ കൃപയാൽ ആളുകളുടെ ഒരു പുതിയ ശരീരമായി തീർന്നു. അവന്റെ ശരീരത്തിൽ, നാം യെഹൂദനെയോ യവനനെയോ, ദാസനെയോ സ്വതന്ത്രനെയോ, ധനവാനെയോ പാവപ്പെട്ടവനെയോ, ആണിനെയൊ പെണ്ണിനെയോ, വെളുപ്പിനെയോ കറുപ്പിനെയോ അല്ല നാം കാണുന്നത്. ക്രിസ്ത്യാനികളെ മാത്രമാണ് അവർ "എല്ലാവരും ക്രിസ്തുവിൽ ഒന്നാകുന്നു" (ഗലാത്യർ 3:28).

ക്രിസ്തുവിൽ ഉള്ള ഐക്യത മനസിലാകുവാൻ, പിന്നെ, അവന്റെ ശരീരത്തിൽ പ്രവേശിക്കുന്ന ക്രിസ്ത്യാനികൾക്കു നല്കപ്പെട്ട ഐക്യതയെ അറിയണം. ക്രിസ്തുവിന്റെ ശരീരത്തിൽ പ്രവേശിക്കുന്ന പുതിയ ക്രിസ്ത്യാനികളോട് അവർ ഇപ്പോൾ അവന്റെ ശരീരത്തിലെ മറ്റു അവയവങ്ങളോടൊപ്പം ആണെന്ന് പറയേണ്ടതു ആവശ്യവും, ശരീരവുമാണ്. സഭ ഈ സത്യത്തെ സമ്മതിച്ചും ചിന്തിക്കണം. വലുപ്പ വ്യത്യാസമില്ലാത്ത, തടസ്സങ്ങൾ ഇല്ലാതെ, ഭിന്നതകൾ ഇല്ലാതെ, വർഗ്ഗ വ്യത്യാസമില്ലാതെ ക്രിസ്തുവിൽ എല്ലാവരും ഒന്നാകുന്നു. എല്ലാ അംഗങ്ങളും ക്രിസ്തുവിനോടു കൂടെ ഒന്നാകുന്നു, പരസ്പരവും ഒന്നാകുന്നു.

### ഉപദേശത്തിൽ ഐക്യത

രണ്ട്, ഉപദേശത്തിലുള്ള ഐക്യത ക്രിസ്തുവിൽ കാണാം. ആളുകൾ ക്രിസ്തുവിന്റെ ശരീരത്തിൽ പ്രവേശിക്കുമ്പോൾ ആത്മാവിനാൽ ഐക്യം നൽകുന്നു, എന്നാൽ ഈ ഐക്യത സൂക്ഷിക്കേണ്ടതു തിരുവചന ഉപദേശങ്ങൾ അനുസരിക്കുന്നതിലൂടെയാണ്.

ഉപദേശത്തിന്റേയും വിശ്വാസത്തിന്റേയും ഐക്യതയാലാണ് ക്രിസ്ത്യാനികൾ ഒരുമിക്കുന്നത്. ദൈവത്തെക്കുറിച്ചും ജീവിതത്തെക്കുറിച്ച് ഊഹാപോഹ കാര്യങ്ങളിൽ വിശ്വസിക്കുന്ന ആളുകളുടെ കൂട്ടമല്ല ക്രിസ്തുവിന്റെ ശരീരം. അവന്റെ ശരീരത്തിലെ അവയവങ്ങൾ ദൈവിക വെളിപ്പാടായ സത്യത്തിൽ യോജിച്ചിരിക്കുന്നു.

പൗലൊസ് ക്രിസ്തുവിന്റെ സഭയുടെ ഐക്യതയെക്കുറിച്ചു പറയുമ്പോൾ, അവൻ അപേക്ഷിച്ചത് ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ കാപ്പാനാണ്. ക്രിസ്തുവിന്റെ ശരീരത്തിൽ ഐക്യത നിലനിർത്തുവാൻ അടിസ്ഥാന ഉപദേശത്തിൽ ഏഴ് "ഒന്നുകൾ" എടുത്തു പറഞ്ഞിരിക്കുന്നു. അവൻ പറഞ്ഞു, "നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശക്കായി നിങ്ങളെ വിളിച്ചതു പോലെ; ശരീരം ഒന്നു, ആത്മാവു ഒന്നു, കർത്താവു ഒരുവൻ, വിശ്വാസം ഒന്നു, സ്നാനം ഒന്നു, എല്ലാവർക്കും മീതെയുള്ളവനും എല്ലാവരിലും കൂടി വ്യാപിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ" (എഫെസ്യർ 4:4-6). പൗലൊസ് എഴുതിയ ശരീരം ക്രിസ്തുവിന്റെ ആത്മീയ ശരീരമാകുന്ന, സഭയാണ് (എഫെസ്യർ 1:22, 23). ആത്മാവ് ദൈവികത്വത്തിലെ മൂന്നാമത്തെ അംഗമാണ്, ആത്മാവു മുഖാന്തരമാണ് നമുക്കു തിരുവചനം നൽകിയത്. സുവിശേഷം മുഖാ

ന്തരം എല്ലാ ക്രിസ്ത്യാനികളുടേയും ഹൃദയങ്ങളിൽ നൽകുന്ന താണ് ഏക നിത്യ പ്രത്യാശ (കൊലൊസ്യർ 1:23). ഏക കർത്താവ് ക്രിസ്തുവാണ്, നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിച്ച് നമ്മുടെ വിശുദ്ധീകരണത്തിനായി ഉയർത്തെഴുന്നേറ്റ, ദൈവപുത്രനായ ക്രിസ്തു തന്നെ. ഏക വിശ്വാസം ക്രിസ്തുവിലും അവന്റെ വച നത്തിലും ഉള്ളതും തിരുവെഴുത്തുകൾ സാക്ഷ്യപ്പെടുത്തുന്നതു മാണ് (റോമർ 10:17). ഏക സ്നാനം മഹത്തായ ആജ്ഞയിൽ യേശു കൽപിച്ചതും ക്രിസ്തീയ കാലാവസാനം വരെ പ്രാബല്യ മുള്ളതുമാകുന്നു (മത്തായി 28:19, 20). ഏക ദൈവം സൃഷ്ടി കർത്താവായ ഭൂമിക്കു വേണ്ടതെല്ലാം നൽകുന്ന ജീവനുള്ള നിത്യ ദൈവം ആണ്, ഈ ഏഴു "ഒന്നുകളെ" കുറിച്ചു, ആർ.സി.ബെൽ പറഞ്ഞു, "ഈ മാറ്റമില്ലാത്ത അന്തിമ വസ്തുതകൾ, ഒന്നുകിൽ സ്വീകരിക്കൽ അല്ലെങ്കിൽ തിരസ്ക്കരണം ആണ് ആവശ്യപ്പെടു ന്നത്. മറ്റൊരു പ്രതികരണം അസാദ്ധ്യമാണ്; ഒരാൾ ഈ ഏഴു ഒന്നുകളിൽ ഏതെങ്കിലും ഒന്നു തള്ളിക്കളഞ്ഞാൽ അവനെ ക്രിസ്ത്യാനിയായി പരിഗണിക്കാനേ സാദ്ധ്യമല്ല."[3]

യോജിപ്പ് ഒരു കാര്യവും, ഐക്യത മറ്റൊരു കാര്യവുമാണ്. യോജിപ്പ് നിർബന്ധിച്ച് വരുത്താവുന്നതാണ്, എന്നാൽ ഐക്യത ധ്യാനത്താൽ മാത്രം കണ്ടെത്താവുന്നതാണ്. രണ്ടു ശരീരങ്ങൾ കയർ കൊണ്ട് കെട്ടി യോജിപ്പുണ്ടാക്കാം, എന്നാൽ ഐക്യത രണ്ടു ഹൃദയങ്ങളുടെ സ്നേഹത്താലും വിശ്വാസത്താലും ഉണ്ടാകുന്നതാ ണ്. വിഭജിക്കപ്പെട്ട മനസുകൾക്കും ഇഷ്ടങ്ങൾക്കും രമ്യത അനു ഭവിക്കാം, എന്നാൽ ആളുകൾക്ക് ഒരുമിച്ചു വസിക്കാൻ കഴിയു ന്നതു ഒരേ സത്യം സംസാരിച്ചു ഏക മനസിലും ഏകാഭിപ്രായ ത്തിലും യോജിച്ചു കൊണ്ട്.

1 കൊരിന്ത്യർ 1:10-ൽ പൗലൊസ് ഐക്യതക്കായി അപേക്ഷി ക്കുക മാത്രമല്ല, ഏതു തരത്തിലുള്ള ഐക്യതയാണ് താൻ ആവ ശ്യപ്പെടുന്നതു എന്നും വ്യക്തമാക്കി - ഭിന്നതയില്ലാതെ അഭിപ്രായ ങ്ങളിൽ ഐക്യത, മനസിലും അഭിപ്രായത്തിലും തികവുള്ളവരായി. ക്രിസ്തുവിന്റെ ഇഷ്ടത്തിനു കീഴ്പ്പെട്ടു കൊണ്ടാണ് ഇത്തരം ഐക്യത കൈവരിക്കാൻ കഴിയുക. പ്രവൃത്തികൾ 2-ൽ സഭ സ്ഥാപിച്ചപ്പോൾ, സന്ദേശം കേട്ടു വിശ്വസിച്ചവർ ദൈവശ്വാസിയവ രുടെ സന്ദേശത്തിനു തങ്ങളെത്തന്നെ കീഴ്പ്പെടുത്തി. ദൈവ ത്തിന്റെ ഉപദേശങ്ങൾ വിശ്വാസം പങ്കിട്ടത് കീഴ്പ്പെടലിന്റെ ഫല മായിരുന്നു. "അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും

കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു ... വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്നു സകലവും പൊതുവക എന്നെണ്ണി" (പ്രവൃത്തികൾ 2:42-44). പൗലൊസ് ഫിലിപ്പിയയിലെ സഹോദരന്മാർക്കു എഴുതി, "... എന്നാൽ നാം പ്രാപിച്ചിരിക്കുന്ന പരിജ്ഞാനം തന്നേ അനുസരിച്ചു നടക്കുക (ഫിലിപ്പിയർ 3:16).

## ദൈനന്തിന ജീവിതത്തിൽ ഐക്യത

മൂന്ന്, ക്രിസ്തുവിന്റെ ശരീരത്തിൽ ഓരോരുത്തരുടെ ദൈന-ന്തിന ജീവിതത്തിൽ ഐക്യത കാണണം. ആളുകൾ ക്രിസ്തുവിനോട് ചേരുമ്പോൾ പരിശുദ്ധാത്മാവിനാൽ നൽകുന്ന ഐക്യത, സൂക്ഷിക്കേണ്ടതു, ഓരോ അംഗവും തിരുവെഴുത്തിലെ തുറന്ന ഉപദേശങ്ങൾ അനുസരിക്കുക മാത്രമല്ല, എന്നാൽ ഓരോ അംഗവും, സമാന്യബുദ്ധിയനുസരിച്ചു ക്രിസ്തുവിലുളള ഐക്യത പ്രായോഗികമാക്കണം.

സ്നേഹത്തിലും ഐക്യതയിലും ഒരുമിച്ചിരിക്കുവാനാണ് ഫിലിപ്പിയയിലെ സഹോദരന്മാരെ പ്രബോധിപ്പിച്ചു കൊണ്ട് പൗലൊസ് എഴുതിയത്. അവൻ പറഞ്ഞു, "നിങ്ങൾ ഏക മനസുളളവരായി ഏക സ്നേഹം പൂണ്ട്, ഐകമത്യപ്പെട്ട് ഏകഭാവമുളളവരായി, ഇങ്ങനെ എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ" (ഫിലിപ്പിയർ 2:2). അവൻ പിന്നെയും പറഞ്ഞു, "കർത്താവിൽ ഏക ചിന്തയോടിരിപ്പാൻ ഞാൻ യുവൊദ്യയെയും സുന്തുകയെയും പ്രബോധിപ്പിക്കുന്നു" (ഫിലിപ്പിയർ 4:2). ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങൾ ഓരോന്നും ബൈബിൾ ഉപദേശപ്രകാരം ജീവിക്കണമെന്ന് ഈ വാക്യങ്ങൾ ആവശ്യപ്പെടുന്നു. ഐക്യത സൂക്ഷിക്കുവാൻ, (ക്രിസ്ത്യാനികൾ ചിലപ്പോൾ തങ്ങളുടെ അഭിപ്രായങ്ങളിലും ആഗ്രഹങ്ങളും തങ്ങളിൽ തന്നെ ഒതുക്കി നിർത്തണം.)

ഒരു സഹോദരന്റെ മനസ്സാക്ഷിക്കു വിരുദ്ധമായി പ്രവർത്തിക്കുവാൻ സഭ ഒരിക്കലും ആവശ്യപ്പെടുകയില്ല. പൗലൊസ് പറഞ്ഞു,

> അതുകൊണ്ടു നാം ഇനി അന്യോന്യം വിളിക്കരുത് - സഹോദരനു ഇടർച്ചയോ തുടങ്ങലോ വെക്കാതിരിപ്പാൻ മാത്രം ഉറെച്ചു കൊൾവിൻ (റോമർ 14:13).

> എന്നാൽ ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കുകയും നമ്മിൽ തന്നേ പ്രസാദിക്കാതിരിക്കയും വേണം. നമ്മിൽ ഓരോരുത്തൻ കൂട്ടുകാരനെ നന്മയ്ക്കായിട്ടു ആത്മിക വർദ്ധനക്കു വേണ്ടി പ്രസാദിപ്പിക്കേണം “നിന്നെ നിന്ദിക്കുന്നവരുടെ നിന്ദ എന്റെ മേൽ വീണു” (റോമർ 15:1-3).

പ്രായോഗിക ഐക്യത പലപ്പോഴും കൊടുക്കൽ-വാങ്ങൽ ആവശ്യപ്പെടുന്നതാണ്. സ്വാർത്ഥനായ ഒരാൾ മറ്റുള്ളവരുമായുള്ള ഐക്യത അറിയുന്നില്ല. അവൻ ജീവിക്കുന്നതു തന്റെ സ്വന്ത സ്വാർത്ഥത ആവശ്യപ്പെടുന്ന നാലു ചുവരുകളിൽ ഒരുങ്ങുന്ന ചെറിയ ഒരു രാജ്യത്തിലാണ് അയാൾ. മറ്റുള്ളവരുമായി കൂട്ടായ്മ പങ്കിടുവാൻ അയാൾ തന്റെ രാജ്യത്തിൽ നിന്നു പുറത്തുവരുന്നില്ല, അവനോടു ആത്മാർത്ഥമായി ആർക്കും കൂട്ടായ്മ അനുഭവിപ്പാനും കഴികയില്ല.

ക്രിസ്തുവിലുള്ള ഈ പ്രായോഗിക ഐക്യത തന്റെ സഹോദരനോടും സഹോദരിയോടും കൃപയും സ്നേഹവും നിമിത്തം കരുതലുണ്ടെങ്കിൽ ഓരോ അംഗത്തെക്കുറിച്ചും പിന്നീട് ശ്രദ്ധയോടെ ആത്മീയമായി വളരും. ഒരാൾ ക്രിസ്തുവിന്റെ അഭിപ്രായങ്ങളും, ആഗ്രഹങ്ങളും, കുറിച്ചു കൊണ്ടു വരും. അയാൾ സ്വാർത്ഥതയാൽ ഒന്നും ചെയ്യാതെ, ചതിയോ, വഞ്ചനയോ കൂടാതെ മറ്റുള്ളവരെ തന്നേക്കാൾ ശ്രേഷ്ഠരെന്നു എണ്ണം (ഫിലിപ്പിയർ 2:3). അവൻ തന്റെ താൽപര്യങ്ങളേക്കാൾ, മറ്റുള്ളവരുടെ ഗുണമാണ് അയാൾ അന്വേഷിക്കുന്നത് (ഫിലിപ്പിയർ 2:4). അയാൾ അങ്ങനെ ജീവിക്കുന്നതു കൊണ്ട്, അയാൾ പ്രത്യേകമായി, ക്രിസ്തുവിന്റെ മനസ്സുള്ളവനായി ജീവിക്കുന്നു (ഫിലിപ്പിയർ 2:5-8).

### ഉപസംഹാരം

അതുകൊണ്ട്, ക്രിസ്തുവിന്റെ ശരീരം, അതിന്റെ ഐക്യതക്കു പ്രസിദ്ധമാണ്. ഈ ഐക്യതക്കു മൂന്നു സ്വഭാവമുണ്ട്. ക്രിസ്ത്യാനികൾ യോജിച്ച് ഒരു ശരീരമായി, ഏക ഉപദേശത്തിൽ വിശ്വാസികളാകുകയും, ദൈനന്തിന ജീവിതത്തിൽ അന്യോന്യം കരുതലുള്ളവരാകുകയും ചെയ്യുന്നു. പുതിയ ക്രിസ്ത്യാനികൾ ദൈവകൃപയാൽ അവന്റെ ശരീരത്തിൽ പ്രവേശിക്കുമ്പോൾ ഐക്യത വരുന്നു. തിരുവെഴുത്തിലെ ഉപദേശങ്ങൾക്കു പൂർണ്ണമായി സമർപ്പിക്കപ്പെട്ട് അവന്റെ ശരീരത്തിലെ അനുഭവത്താൽ ഐക്യത

കാക്കപ്പെടുന്നു. ഓരോ അംഗവും സഹക്രിസ്ത്യാനികളോട് കരുതലുള്ളവരാക കൊണ്ട് സഭയാൽ ഐക്യത ആസ്വദിക്കും.

എല്ലാ നിർഭാഗ്യകരമായ വിയോജിപ്പുകളും അവന്റെ ലോകത്തിൽ നിന്നു മാറ്റി ക്രിസ്തുവിൽ ഒന്നാക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്: “അവനിൽ സർവ്വ സമ്പൂർണ്ണതയും വസിപ്പാനും അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ട് അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി, ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ, സകലത്തെയും അവനെ കൊണ്ട് തന്നോടു നിരപ്പിപ്പാനും പിതാവിനു പ്രസാദം തോന്നി” (കൊലൊസ്യർ 1:19, 20), സുവിശേഷം മുഖാന്തരം, ക്രിസ്തു, അവന്റെ ശരീരത്തിൽ ഐക്യതക്കായി നമ്മെ വിളിക്കുന്നു (എഫെസ്യർ 3:6), ക്രിസ്തു ഐക്യതക്കായി പ്രാർത്ഥിക്കയും, എല്ലാ അനുകൂല സാദ്ധ്യതയും (യോഹന്നാൻ 17:21; എഫെസ്യർ 2:16), പൗലൊസ് അതിനു വേണ്ടി അപേക്ഷിക്കയും (1 കൊരിന്ത്യർ 1:10), ആത്മാവ് അതു ഉളവാക്കുകയും ചെയ്യുന്നു (എഫെസ്യർ 4:1-6).

## പഠനചോദ്യങ്ങൾ

(*അനുബന്ധങ്ങൾ 1 ലെ ഉത്തരങ്ങൾ*)

1. ഏതു രീതിയിലാണ് ക്രിസ്തുവിലുള്ള ഐക്യത സുഖവും നല്ലതും ആകുന്നത്?
2. തന്റെ ക്രൂശീകരണത്തിനു തലേന്നു യേശു സഭയ്ക്കു വേണ്ടി പ്രാർത്ഥിച്ച പ്രത്യേക പ്രാർത്ഥന എന്തായിരുന്നു. (യോഹന്നാൻ 17:21-24 നോക്കുക).
3. 1 കൊരിന്ത്യർ 1:10-ൽ പൗലൊസ് അപേക്ഷിച്ച ഐക്യതയെ വിശദമാക്കുക.
4. ഒരു ശരീരമായി ക്രിസ്തുവിന്റെ സഭയ്ക്കുള്ള ഐക്യതയെ വിശദമാക്കുക.
5. സഭയിൽ പ്രവേശിക്കുന്ന ഒരാൾക്ക് എപ്പോഴാണ് സഭയുടെ ഐക്യം ലഭിക്കുന്നത്?
6. ഉപദേശത്തിൽ സഭയുടെ ഐക്യം നിർവ്വചിക്കുക. ഒരു ശരീരമായ ഐക്യതയും ഉപദേശത്തിലുള്ള ഐക്യതയും തമ്മിലുള്ള വ്യത്യാസം എന്ത്?
7. ഐക്യതയും കീഴ്പ്പെടലും ക്രിസ്തുവിന്റെ ഇഷ്ടത്തോട് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?
8. ഉപദേശത്തിലുള്ള ഐക്യതയും ദൈനന്തിന ജീവിതത്തിലെ ഐക്യ

തയും തമ്മിലുള്ള വ്യത്യാസം എന്ത്?

9. സഭയിൽ ഉള്ള ഐക്യത പ്രായോഗികമാക്കുവാൻ ചിലപ്പോൾ ക്രിസ്ത്യാനികൾ എടുക്കുന്ന നടപടികൾ എന്ത്?

## വാക്ക് സഹായങ്ങൾ

**മനസാക്ഷി** - മനുഷ്യരിൽ കാണുന്ന ആന്തരിക ധാർമ്മിക സാക്ഷ്യം; തെറ്റിൽ നിന്നു ശരി എന്തെന്ന് നമ്മുടെ ഉള്ളിൽ പറയുന്ന ശബ്ദം ചിലപ്പോൾ കേൾക്കാം മനസാക്ഷിയെ ദൈവ വചനത്താൽ പഠിപ്പിച്ചെടുക്കണം.

**യുവൊദ്യയും സുന്തുകയും** - അന്യോന്യം തർക്കിച്ചിരുന്ന രണ്ടു സ്ത്രീകൾ (ഫിലിപ്പിയർ 4:2). അന്യോന്യം സമാധാനമായിരിപ്പാൻ പൗലൊസ് അവരോട് അപേക്ഷിച്ചു.

---

കുറിപ്പുകൾ

[1]റ്റി.ബി.ലാറിമോർ, "യൂണിറ്റി," *ഇൻ ബയോഗ്രാഫിസ് ആന്റ് സെർമൻസ്,* ഇഡി.എഫ്.ഡി. സ്രിഗ്ലി (എൻ.പി., എൻ.ഡി.; റീപ്രിന്റ്, നാഷ്‌വില്ലെ: ഗോസ്പൽ അഡ്വക്കേറ്റ്, 1961), 35-36. [2]ആർ.സി.ബെൽ, *സ്റ്റഡീസ് ഇൻ എഫെസ്യൻസ്* (ആസ്റ്റിൻ, റ്റെക്സ്.: ഫേമ് ഫൗണ്ടേഷൻ പബ്ലിഷിങ്ങ് ഹൗസ്, 1971), 25. [3]ഇബിഡ്., 24.